


"To be a model family fellowship based on spirituality, heritage, kinship & love"

# AFF NEWS LETTER

**ALUNKAL FAMILY FELLOWSHIP**

**KANDANAD**

(for private circulation among the members only)

(Reg.No.ER184/08)

Website: www.alunkal.com | Email: info@alunkal.com

Vol. 11, No.2 | September 2019

## PRESIDENTIAL COLUMN

Dear esteemed members of our Fellowship,

Family is a unique identity of human race. While 'family' is only a temporary identity, for all lower organisms on the earth, the same is 'everything' for the civilized mankind. Family defines our character, social attitude, responsibilities and commitments towards the society. This being so, the absence of a family, will always haunt and disturb us. Our Family Fellowship- based on 'Spirituality, Friendship and Love', not only extols these virtues, but also strive to practice this dictum in word and deed. No wonder that our organization, formed in 1995, thrived all these years, surmounting obstacles and adversities during its course and growth- with the bountiful grace of the Almighty.

We are very happy to inform our beloved members that our Founder President, late Shri A. M. Thomas Velliattan, was remembered in a special function arranged by the non-resident Indians (NRIs), at Hotel BTH Ernakulam, recently. The meeting was specially addressed by the Union Deputy Minister Hon. Shri V. Muraleedharan. The event presented a proud moment, especially for our family and the Fellowship.

Let us all join in prayer to our Lord to bring in calm and peace, in our Church, like He did to the Sea of Galilee, while it was in turbulence.

**Dr. A.C. Paul**

മനുഷ്യസമൂഹത്തിന്റെ ഒരു തിരിച്ചറിയൽ രേഖയാണ് കുടുംബങ്ങൾ. മറ്റു ജീവജാലങ്ങൾക്ക് കുടുംബം ഒരു താത്ക്കാലിക സങ്കേതമാകുമ്പോൾ മനുഷ്യസമൂഹത്തിന് അത് ആജീവനാന്ത ചിഹ്നമാണ്. നമ്മുടെ സ്വഭാവം, ചുമതലകൾ, സാമൂഹ്യ പ്രതിബദ്ധത, കൂട്ടായ്മ എന്നിവയെ നിർവ്വചിക്കുന്നതും, നിലനിർത്തുന്നതും കുടുംബങ്ങളാണ്. കുടുംബം ഇല്ലാത്ത അവസ്ഥ നമ്മെ വല്ലാതെ അലട്ടുന്നതുമാണ്. ആത്മീയത, പാരമ്പര്യമൂല്യം, സാഹോദര്യം, സ്നേഹം എന്നീ ഘടകങ്ങളിൽ ഊന്നിയ നമ്മുടെ ഈ കൂട്ടായ്മ 1995 മുതൽ ഇന്നേവരെ നിലനിൽക്കുന്നതും വളർന്നുകൊണ്ടിരിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്.

നമ്മുടെ ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക അദ്ധ്യക്ഷനായിരുന്ന ശ്രീ. ഏ.എം.തോമസ് വല്ല്യേട്ടനെയും, കൂട്ടുസ്ഥാപകരായ ശ്രീമതി സാറാമ്മ അമ്മായിയെയും, ശ്രീ. കുഞ്ഞുകുഞ്ഞു ജ്യേഷ്ഠനെയും ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുകയും അവരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Invited Article

# ഫാമിലി ഫെല്ലോഷിപ്പ് - കാലഘട്ടത്തിന്റെ അനിവാര്യത

പ്രൊഫ. ജോയി സ്ലീബാ
പട്ടശ്ശേരിൽ

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ശാസ്ത്രമേഖലയിലും സാമ്പത്തികരംഗത്തും പുതിയ തലമുറ വളരെ മുൻപിലാണ്. വിവരസാങ്കേതികവിദ്യയുടെ വളർച്ച ലോകത്തെ നമ്മുടെ വിരൽത്തുമ്പിലേക്ക് ചുരുക്കിയിരിക്കുന്നു.

മാറ്റങ്ങൾ എപ്പോഴും നല്ലതാണ്. സമൂഹം ചലനാത്മകമായിരിക്കണം. എന്നാൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ തക്കവണ്ണം പുതിയതലമുറയുടെ ചിന്താശക്തിയും വളരണം. കമ്പോളവൽക്കരണത്തിന്റെ ഫലമായുള്ള ഉപഭോഗസംസ്കാരം സമൂഹത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഇന്നലെകളിൽ അധാർമ്മികമായി കണ്ടിരുന്നത് പലതും ഇന്ന് ധാർമ്മികമാണ്. നിയമത്തിന്റെ സാധുതകൂടിലഭിച്ചപ്പോൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് അതിരുകളില്ലാതെയായി. ഈ കാലഘട്ടത്തിലാണ് അംഗങ്ങൾക്ക് ശരിയായ ദിശാബോധം നൽകുവാൻ ഫാമിലിഫെല്ലോഷിപ്പ് അനിവാര്യമാകുന്നത്.

കുടുംബയോഗങ്ങളുടെ ഏറ്റവും വലിയ നേട്ടം മുതിർന്നതലമുറയുടെ അനുഭവസമ്പത്ത് വളർന്നുവരുന്ന തലമുറയ്ക്ക് പങ്ക് വയ്ക്കുവാൻ സാധിക്കുന്നു എന്നതാണ്. നമ്മുടെ പൂർവ്വികർ ദൈവത്തിൽ പരിപൂർണ്ണമായും സമർപ്പിച്ച ഒരു ജീവിതമാണ് നയിച്ചിരുന്നത്. പ്രയാസങ്ങളിലും പ്രതിസന്ധികളിലും അവർ ദൈവത്തെ മുറുകെ പിടിച്ചു. കഠിനമായ പ്രാർത്ഥനയിലൂടെ സ്ഫുടം ചെയ്ത ജീവിതമായിരുന്നു അവരുടേത്. ആര് എതിർത്താലും, വേദപുസ്തകത്തിൽ യോശുവ പറയുന്നതുപോലെ "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സ്നേഹിക്കും" എന്ന് അവർ ഉറക്കെ പറയുകയും മക്കളെ പഠിപ്പിക്കുകയും ചെയ്തു.

നമ്മുടെ പിതാമഹന്മാർ സമ്പന്നരായിരുന്നില്ല, കഠിനമായി അദ്ധ്വാനിച്ച് ജീവിതം കെട്ടിപ്പടുത്തുന്നവരാണ്. അനർഹമായത് ഒന്നും ആഗ്രഹിക്കാതെ വിയർപ്പുകൊണ്ട് ആഹാരം കഴിച്ചിരുന്നവർ. അലസത അവരെ ബാധിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ വാക്കുകളും പ്രവർത്തികളും സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിരുന്നു. ധനം കൊടുത്തല്ല മറിച്ച് സ്നേഹം ചൊരിഞ്ഞാണ് അവർ ജനഹൃദയങ്ങളിൽ സ്ഥാനം നേടിയിരുന്നത്.

നമ്മുടെ പൂർവ്വികരുടെ സുകൃതത്തിന്റെ സൽഫലങ്ങളാണ് ഇന്ന് നാം അനുഭവിക്കുന്നത്. അവർ കൊണ്ടിട്ടുള്ള വെയിലിന്റെ തണലാണ് ഇന്ന് ലഭിക്കുന്നത് എന്ന് മറന്നുകൂടാ. ഇന്ന് എല്ലാവരും വളരെ തിരക്കിലാണ്. പരസ്പരം സംസാരിക്കുവാനും കുടുംബാംഗങ്ങളെ അന്വേഷിക്കുവാനും സമയമില്ല. തികച്ചും യാന്ത്രികമായ ലോകം. പ്രഭാതം മുതൽ പ്രദോഷം വരെ ജോലി കഴിഞ്ഞ് വീട്ടിൽ വരുമ്പോഴും വാട്സാപ്പിലും ഇന്റർനെറ്റിലും നിന്ന് കണ്ണെടുക്കാത്ത നമ്മുടെ പോക്ക് എങ്ങോട്ട് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നാം നമ്മിലേക്ക്തന്നെ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഏറ്റവും അടുത്ത അയൽക്കാരെപ്പോലും നമുക്ക് അറിയുകയില്ല. അവരുടെ ആഘോഷങ്ങളിൽ നാം പങ്കെടുക്കും എന്നാൽ അവരുടെ അവശതയിൽ നാം സൗകര്യപൂർവ്വം മുഖം തിരിക്കുന്നു.

ദൈവം നമ്മുക്ക് തന്ന സൗഭാഗ്യങ്ങൾ നമ്മുടെ മാത്രം കുത്തകയല്ല, അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് നിർത്തണം. അപ്പോൾ മാത്രമെ സുസ്ഥിരവികസനത്തിൽ നമ്മളും പങ്കാളികളാവുകയുള്ളൂ. ധാർമ്മികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന കുടുംബാംഗങ്ങളാകുവാൻ നമ്മുടെ മൺമറഞ്ഞ മാതാപിതാക്കന്മാരുടെ ജ്വലിക്കുന്ന സ്മരണകൾ നമ്മുക്ക് സഹായകമാകട്ടെ!

************

# വാതിൽ അടയ്ക്കുക

സാനുബ കുര്യൻ

ഇത്, ഇന്നത്തെ മൊബൈൽഫോൺ യുഗത്തിനുമപ്പുറമുള്ള ഒരുകാലഘട്ടത്തിലെ കഥയാണ്.

ഒരിക്കൽ ഒരു സുഹൃത്ത് തന്റെ അമേരിക്കൻ പര്യടനത്തിനിടയ്ക്ക് അവിടുത്തെ ജനത്തിരക്കേറിയ ഒരു നഗരവീഥിയിലൂടെ നടന്നുപോകുകയായിരുന്നു. ഇരുവശങ്ങളിലും അംബരചുംബികളായ കെട്ടിടങ്ങൾ, നിശ്ചിത പഥങ്ങളിലൂടെ ഇടമുറിയാതെ നീങ്ങിക്കൊണ്ടിരിക്കുന്ന മോട്ടോർവാഹനങ്ങൾ, ഗതാഗതം നിയന്ത്രിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ നിതാന്ത ജാഗ്രത മുതലായവ വെളിയിൽ നിന്ന് ചെല്ലുന്ന സന്ദർശകർക്ക് കൗതുകകരമായ കാഴ്ചകളാണ്.

കാൽനടക്കാർക്കുള്ള പ്രത്യേകപാതയിലൂടെ നടന്നുപോയ നമ്മുടെ സുഹൃത്തിന് ഒരാളെ ഫോണിൽ വിളിച്ച് സംസാരിക്കാനുണ്ടായിരുന്നു. നഗരവീഥികളിൽ അവിടവിടെ ടെലഫോൺ ബൂത്തുകളുണ്ട്. ഇവിടെ കയറി ആർക്കും ഫോൺ ചെയ്യാം. അദ്ദേഹം ഒരു ബൂത്തിൽ കയറി. വെളിച്ചമില്ലാതിരുന്നതുകൊണ്ട് നമ്പർ ഡയൽ ചെയ്യാൻ കഴിഞ്ഞില്ല. അയാൾ വല്ലാതെ കുഴങ്ങി ചുറ്റും നോക്കി. എവിടെയെങ്കിലും ലൈറ്റുണ്ടോ എന്നറിയാൻ മുകളിലേക്ക് നോക്കിയപ്പോൾ ഒരു ലൈറ്റ് കണ്ടു. പക്ഷെ അതിന്റെ സ്വിച്ച് എവിടെ? അദ്ദേഹം തപ്പിത്തടയുന്നതുകണ്ട ഒരുവഴിപോക്കന് കാര്യം മനസ്സിലായി. അയാൾ നടന്നുനീങ്ങുന്നതിനിടയിൽ പറഞ്ഞു "Shut the door" സുഹൃത്ത് വാതിൽ അടച്ചു. അപ്പോൾ ലൈറ്റ് കണ്ണുതുറന്നു. പെട്ടെന്ന് നമ്പർ കണ്ടുപിടിച്ച് ഫോൺ ചെയ്തശേഷം അയാൾ ഇറങ്ങിപ്പോയി.

പലരും പ്രാർത്ഥനയിലൂടെ ദൈവത്തോട് ബന്ധപ്പെടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും അതിന് ആവശ്യമുള്ള വെളിച്ചം കിട്ടാതെ നിരാശാഭരിതരായിത്തീരുന്നു. ബാഹ്യലോകവുമായി നമ്മെ ബന്ധിപ്പിക്കുന്ന ഹൃദയകവാടം അടച്ചിടുവാൻ നാം പലപ്പോഴും മറന്നുപോകുന്നു. അതുകൊണ്ടാണ് നമ്മുക്ക് വേണ്ടത്ര വെളിച്ചം കിട്ടാത്തത്.

രോഗദുഃഖങ്ങളും, നീക്കുപോക്കില്ലാത്ത പ്രശ്നങ്ങളും, പോകേണ്ട വഴി ഏതെന്നറിയാതെ കുഴങ്ങുന്ന സാഹചര്യങ്ങളുമാകുന്ന കൂരിരുട്ട് നമ്മെ വലയം ചെയ്യുമ്പോൾ ഹൃദയത്തിന്റെ വാതിലിന് മുകളിലേക്ക് നോക്കുക. അപ്പോൾ നമ്മുക്ക് ആവശ്യമുള്ള വെളിച്ചം ലഭിക്കും.

ക്രിസ്തുദേവൻ അരുളിചെയ്തു "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ രഹസ്യമുറിയിൽ പ്രവേശിച്ച് വാതിലടച്ച് അദൃശ്യനായ നിങ്ങളുടെ പിതാവിനോട് പ്രാർത്ഥിക്കുക. അപ്പോൾ, രഹസ്യമായി ചെയ്യുന്നതെന്തും കാണുന്ന പിതാവ് നിങ്ങൾക്ക് പരസ്യമായി പ്രതിഫലം തരും."

വി.മത്തായി 6-ാം അദ്ധ്യായം 5, 6 വാക്യങ്ങൾ - ഹൃദയത്തിന്റെ വാതിൽ അടയ്ക്കാതെ എത്ര ഉച്ചത്തിൽ പ്രാർത്ഥിച്ചാലും നിങ്ങൾക്ക് ആവശ്യമുള്ള പ്രകാശം ലഭിക്കുകയില്ല. നമ്മുടെ മിക്ക പ്രാർത്ഥനകളും നിഷ്ഫലമായിപ്പോകുന്നതിന്റെ കാരണം ഇതിൽനിന്നും ഗ്രഹിക്കാമല്ലോ.

പ്രഭാതത്തിലെ താക്കോലും രാത്രിയിലെ സാക്ഷയുമാണ് പ്രാർത്ഥനഎന്ന് ഗാന്ധിജി നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

*********************

# AFF NEWS

## വിവാഹങ്ങൾ

- ശ്രീ. സാബു ജോൺ, ശ്രീമതി സെലീനസാബു ദമ്പതികളുടെ മകൾ അൻസു സാബുവും, പഴന്തോട്ടം തണ്ണിക്കോട് ശ്രീ. മത്തായിയുടെയും ഡോ. സാലി മത്തായിയുടെയും മകൻ ശ്രീ. ജോൺസ് മത്തായിയും തമ്മിലുള്ള വിവാഹം 05.05.2019ന് പഴന്തോട്ടം സെന്റ് മേരീസ് ചാപ്പലിൽ നടന്നു.
- സൌത്തുപറവൂർ കാട്ടേഴത്ത് ശ്രീ. മോഹൻദാസിന്റെയും ശ്രീമതി ഗീതയുടെയും മകൾ അജിഷയും, കോട്ടയത്തുപാറ, ഞാളിയത്ത് ശ്രീ.ഷാജിയുടെയും ഡോ. ലിസിയുടെയും മകൻ ശ്രീ.ജോൺ ഷാജിയും തമ്മിലുള്ള വിവാഹം 13.05.2019ന് കടുങ്ങമംഗലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽ വച്ച് നടന്നു.
- വടവുകോട് മൂത്താരിൽ ശ്രീ. എം.പി.ജെയിംസിന്റെയും ഡോ. സൂസൺ ജെയിംസിന്റെയും മകൻ ജെയ്ജോയും, കാണിനാട്തറയിൽ ശ്രീ. എബ്രാഹാമിന്റെയും ശ്രീമതി മേരി എബ്രാഹാമിന്റെയും മകൾ റീമിയും തമ്മിലുള്ള വിവാഹം 09.06.2019ന് വടവുകോട് സെന്റ് മേരീസ് ജാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ അസോസ്സിയേഷൻ സെന്ററിൽവച്ച് സമംഗളം നടന്നു.
- കങ്ങനാടു വൈശ്യം പറമ്പിൽ ശ്രീ. ബെന്നി ജോസഫിന്റെയും ശ്രീമതി ആനി ബെന്നിയുടെയും മകൾ ലിഖിത ബെന്നിയും, കളമശ്ശേരി കൊട്ടുപള്ളിൽ ശ്രീ. സജിയുടെയും ശ്രീമതി ജെസ്സിയുടെയും മകൻ മിഥുൻ സജിയും ഏലൂർ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ 25.08.2019ൽ വിവാഹിതരായി.
- The Marriage of ASHITHA SARA, D/o late Capt. Jaideep Mohindru and Mrs. Shaina Mohindru with SWITHIN, S/o Mr. Sylvan Lazarus Moraes and Mrs. Leela Vanitha Moraes was solemnized on 3rd August 2019 at Goa.
- The Wedding of ANISH SAMUAL MOHINDRU with DARCHA GABRIELA JOHNSON was conducted on 3rd August 2019 at the venue of Mansoon Express hotel, Palarivattom, Kochi.

---

**നവദമ്പതികൾക്ക് AFF എല്ലാവിധ മംഗളാശംസകളും നേരുന്നു.**

---

**ജനനം:**

കാട്ടേഴത്ത് ആശ, സെലസ്റ്റിൻ ദമ്പതികൾക്ക് 30.07.2019ൽ ഒരു ആൺകുഞ്ഞ് പിറന്നു. ശിശുവിന് എല്ലാവിധ ആയുരാരോഗ്യങ്ങളും നേരുന്നു.

---

## വേർപാടുകൾ:

**സാലി ആന്റണി**




ആലുങ്കൽ പരേതരായ ശ്രീ. അവിരയുടെയും ശ്രീമതി ശോശാമ്മയുടെയും മകൾ ശ്രീമതി സാലി ആന്റണി 63-ാമത്തെ വയസ്സിൽ 15.04.2019ൽ നിര്യാതയായി. സാലിയെ വിവാഹം കഴിച്ചിരുന്നത് പള്ളിത്തോട് പറയക്കാട്ടിൽ അഡ്വ. പി.ജെ. ആന്റണിയാണ്. മക്കൾ: അമ്പിളി, എബി. സംസ്ക്കാരച്ചടങ്ങുകൾ പള്ളിത്തോട് സെന്റ് ജോർജ്ജ് പള്ളിയിൽ നടത്തി. പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ചാക്കോ എ. ആലുങ്കൽ**



ആലുങ്കൽ പരേതരായ ശ്രീ. അവിരയുടെയും ശ്രീമതി ശോശാമ്മ യുടെയും മകനായി 05.11.1941ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുളന്തുരുത്തി ഹൈസ്ക്കൂളിലും സിവിൽ എഞ്ചിനിയറിംഗ് (Diploma) എറണാകുളത്തും പഠിച്ചു. തുടർന്ന് FACT കൊച്ചിൻ ഡിവിഷൻ അമ്പലംമേട്ടിലും, ഐലന്റിലും ജോലി ചെയ്തു. അസി.മാനേജർ തസ്തികയിലായിരിക്കെ റിട്ടയർ ചെയ്തു. അദ്ദേഹത്തിന്റെ ഭവനം കുടുംബ പ്രാർത്ഥനായോഗങ്ങൾക്ക് വേദിയായിട്ടുണ്ട്. ഒരു വർഷത്തോളം ചികിത്സയിലായിരുന്ന അദ്ദേഹം 77-ാമത്തെ വയസ്സിൽ 06.06.2019ൽ നിര്യാതനായി. അഭിവന്ദ്യ മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ, അന്ത്യ ശുശ്രൂഷകൾ നിർവഹിക്കപ്പെട്ടു. AFF റീത്ത് സമർപ്പിക്കുകയും, പ്രാർത്ഥന-അനുസ്മരണ യോഗം നടത്തുകയും ചെയ്തു. ചാക്കോച്ചന്റെ സഹധർമ്മിണി ശ്രീമതി ലളിത, മുളന്തുരുത്തി ചെറുമക്കടയിൽ കുടുംബാംഗമാണ്. മക്കൾ: രഞ്ജു, സഞ്ജു

**ഫിലിപ്പോസ് മാത്യു**



കോട്ടയം ഒളശ്ശ പരിപ്പ്, മഞ്ചയിൽ ശ്രീ. ജോൺ മാത്യുവിന്റെയും ശ്രീമതി മറിയാമ്മയുടെയും 5-ാമത് മകനായി 1931ൽ ജനിച്ചു. ചെമ്പ് ആലുങ്കൽ ശ്രീ. എ.എം. ചെറിയാന്റെയും ശ്രീമതി ശോശാമ്മയുടെയും മകൾ ശ്രീമതി അച്ചാമ്മയാണ് ഭാര്യ. ഒളശ്ശ സെന്റ് ജോൺസ് ജാക്കോബൈറ്റ് പള്ളിയിൽ ട്രസ്റ്റിയും ഹോസ്പിറ്റലിന്റെ ബോർഡ് മെമ്പറുമായിരുന്നു. വാർദ്ധക്യസഹജമായ അസുഖത്തെത്തുടർന്ന് 88-ാമത്തെ വയസ്സിൽ 28.07.2019ൽ നിര്യാതനായി. മക്കൾ: മാത്യു ഫിലിപ്പ്, മാഗി ഫിലിപ്പ്, ഷെറി ഫിലിപ്പ്. ഫെല്ലോഷിപ്പിന്റെ പ്രവർത്തകസമിതി അനുസ്മരിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**അച്ചാമ്മ ജോർജ്ജ്**




കണ്ടനാട് ആലുങ്കൽ (കൊമ്പന്റേങ്ങ്) ശ്രീ. ഉലഹന്നാന്റെയും ശ്രീമതി മറിയത്തിന്റെയും ഇളയമകളായി 1925ൽ ജനിച്ചു. കടുംങ്ങമംഗലം ഗവ. സ്കൂളിലായിരുന്നു വിദ്യാഭ്യാസം. സ്കൂളിലും, സൺഡേസ്കൂളിലും പഠനത്തിൽ നല്ല മികവ് പുലർത്തിയിരുന്നു. അമ്മായിയുടെ ജ്യേഷ്ഠ സഹോദരനാണ് പരേതനായ Prof. P.O .മത്തായി അവർകൾ.

1956ൽ ആമ്പല്ലൂർ വെട്ടത്തുതറയിൽ ശ്രീ. റ്റി.സി.ജോർജ്ജ് അവർകളെ വിവാഹം ചെയ്തു. ഭർതൃഗൃഹത്തിലെ ചുമതലയേറിയ ഗാർഹിക ജോലികളും മാതാപിതാക്കളെ സംരക്ഷിക്കലും എല്ലാം വളരെ കൃത്യതയോടെ ചെയ്തിരുന്നു. പ്രാർത്ഥന, വായന, തയ്യൽ, പൂന്തോട്ട സംരക്ഷണം എന്നിവ

എല്ലാം ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. എളിമ, സ്നേഹം, എപ്പോഴും പുഞ്ചിരിക്കുന്ന മുഖം ഇവ അമ്മായിയുടെ പ്രത്യേകതകളായിരുന്നു. 96 വയസ്സിലും ആരോഗ്യവതിയായിരുന്ന അമ്മായി ഫെല്ലോഷിപ്പിന്റെ പല മീറ്റിങ്ങുകളിലും പങ്കെടുത്തിട്ടുണ്ട്. തന്റെ എൺപതുകളിലും, തൊണ്ണൂറുകളിലും, AFF- ന്റെ പുരസ്കാരങ്ങൾ അമ്മായി ഏറ്റ് വാങ്ങിയിട്ടുണ്ട്. 06.08.2019 ൽ നല്ല ഓർമ്മകൾ ബാക്കിവച്ച് അമ്മായി നമ്മെ വിട്ടുപിരിഞ്ഞു. നമ്മുടെ തിരുമേനി വീട്ടിലെത്തി മരണാനന്തര ശുശ്രൂഷകൾ നിർവ്വഹിച്ചു. ആമ്പല്ലൂർ മാന്തുരുത്തേൽ പള്ളിയിൽ സംസ്ക്കാരം നടത്തി. മക്കൾ: ഗ്രേസ്സി, ലാലി, മോളി. മരുമക്കൾ : സജിരാജ്, സണ്ണി, വർഗ്ഗീസ്. അമ്മായിയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**ജീമോൻ ജോർജ്ജ്**



കുന്നംകുളം പഴഞ്ഞിമൂലേപ്പാട്ട് ശ്രീ.ജോർജ്ജിന്റെയും ശ്രീമതി കുട്ടിയമ്മ (പടിഞ്ഞാറേ തുരിത്തേൽ) യുടെയും മകൻ ജീമോൻ 20.08.2019ൽ നിര്യാതനായി. സംസ്ക്കാരം ഏലൂർ മോർ ഗ്രിഗോറിയോസ് പള്ളിയിൽ നടത്തി. ഭാര്യ ലിജി, മകൻ അലൻ. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## പഠനമികവ്

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും നമ്മുടെ യുവതലമുറ തങ്ങളുടെ പഠനമികവ് തെളിയിച്ചു. വിശദവിവരങ്ങൾ താഴെ:-

### 10th Standard

| | | |
|---|---|---|
| Albin Reji | - | 93.8% |
| Alinda Saju | - | 93.8% |
| Rehan Ranju | - | 79% |
| Salomy Alunkal | - | 79% |
| Aleena Shaji | - | 78% |

### 12th Standard

| | | |
|---|---|---|
| Kurian Elias | - | 91.5% |
| Salomon Alunkal | - | 80% |
| Ansa Sojan | - | 77% |
| Irin Susan Mathew | - | 78% |

*ഉന്നതവിജയികൾക്ക് ആശംസകളും എല്ലാ ഭാവുകങ്ങളും നേരുന്നു.*